ഖുത്വ്ബ നമ്പർ
25
22-06-2012

بسم الله الرحمن الرحيم O نحمده ونصلي علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز
വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# നമസ്കാരം ജമാഅത്തായി തന്നെ അനുഷ്ഠിക്കുക

ലോകത്ത് വിശ്വാസപരവും കർമ്മപരവുമായുള്ള ഇസ്ലാഹിന്ന് വേണ്ടി ഇക്കാലത്ത് അല്ലാഹു അയച്ച വ്യക്തിയെ അംഗീകരിക്കുന്നവരാണ് നാം എന്നത് അല്ലാഹുവിന്റെ വലിയ ഫള്ലാണ്. എന്നാൽ നാം അദ്ദേഹത്തെ വിശ്വസിച്ചിട്ടും നമ്മിൽ പലരുടെയും വാക്കും പ്രവർത്തിയും തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുന്നു. ജമാഅത്തിലെ വലിയ ഒരു സഖ്യം ആളുകളുടെയും വാക്കും പ്രവർത്തിയും ജമാഅത്ത് ഉദ്ദേശിച്ചതുപോലെയല്ല ഉള്ളത്. ഒരു വലിയ വിഭാഗം ആളുകളിൽ തീർച്ചയായും ജമാഅത്ത് രൂഢമൂലമായിട്ടുണ്ട്. അവരോട് നിങ്ങൾ അഹ്മദികളാണോ എന്ന് ചോദിച്ചാൽ അവർ പറയും മാശാഅല്ലാഹ് ഞങ്ങളുടെ ഉപ്പാപ്പയും മറ്റും അഹ്മദികളായിരുന്നു. അവർ സഹാബാക്കളായിരുന്നു. അഹ്മദിയ്യാ ചരിത്രത്തിലും സഹാബാക്കാളുടെ ചരിത്രത്തിലും അവരുടെ ത്യാഗപൂർണ്ണമായ ജീവിതത്തെക്കുറിച്ച് ഇന്ന ഇന്ന സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്നവർ പറയും. താങ്കൾ ഏതൊരു സഹാബിയെക്കുറിച്ചാണോ കഴിഞ്ഞ ഖുത്വ്ബകളിൽ വിവരിച്ചിരുന്നത് അത് എന്റെ ഉപ്പാപ്പയായിരുന്നു എന്നും ചിലർ എന്നോടും പറയാറുണ്ട്. അഹ്മദിയത്തിലുള്ള അവരുടെ വിശ്വാസം അവരെ ശത്രുക്കളുടെ അക്രമണത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കാൻ കഴിയാത്തത്ര ശക്തമാണ്. ജീവന്റെയും സ്വത്തിന്റെയും ത്യാഗങ്ങൾ അവർ സമർപ്പിക്കുന്നു. അവരുടെ പൂർവ്വപിതാക്കളും ഇവ്വിധമുള്ള ത്യാഗങ്ങൾ നൽകുകയുണ്ടായി.

ഇവിടെ ഇരിക്കുന്ന നിങ്ങളിൽ പലരും അങ്ങനെയുള്ളവരിൽ ഉൾപ്പെടുന്നവരായിരിക്കും. സമൂഹത്തിന്റെ വളർച്ചക്ക് നാം കണ്ണുതുറന്ന് ഒരു ആത്മപരിശോധനക്ക് നമ്മേ വിധേയ മാക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ ഇക്കൂട്ടരിൽ പല പ്രവർത്തന വൈകല്യങ്ങളുമുണ്ടെന്ന് നമുക്ക് സമ്മതിക്കാതെ കഴിയില്ല.അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിലും, സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലും ഇവരിൽ ബലഹീനത പ്രകടമാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) വന്നതിന്റെ ഉദ്ദ്യേശ്യം തന്നെ നമ്മുടെ സ്വഭാവത്തിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കി ആയിരത്തിനാന്നൂറ് വർഷങ്ങൾക്കകം നമ്മുടെ ഹൃദയങ്ങളെ കീഴ്പ്പെടുത്തിയ അന്ധകാരത്തെ നീക്കി അതിനെ പ്രകാശമയമാക്കി മാറ്റുക എന്നതായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ആഗമനോദ്ദേശ്യം ഇതായിരുന്നു. നമ്മുടെ പൂർവ്വികർ ഈ ഒരു മാറ്റം അവരിൽ ഉണ്ടാക്കുകയും അവർ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് വരികയും തങ്ങളിൽ ഒരു വിപ്ലവകരമായ മാറ്റം ഉണ്ടാക്കുകയും ചെയ്തു. അവർ തങ്ങളുടെ വിശ്വാസപരവും പ്രവർത്തനപരവുമായ കാര്യങ്ങളെ സമന്വയിപ്പിക്കുകയുണ്ടായി. എന്നാൽ അടുത്ത തലമുറ ഈ ഒരു സ്ഥാനം കൈവരിച്ചില്ല.അതുകൊണ്ട് നമുക്ക് ഒരു ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. നാം നമ്മുടെ പ്രവർത്തന നിലവാരത്തെ ഉയർത്തുവാൻ ശ്രമിക്കുന്നുണ്ടോ എന്നും, നമ്മുടെ പൂർവ്വികർ നിലനാട്ടിയ ആ ഉന്നത സ്ഥാനം കരസ്ഥമാക്കാൻ നാം ശ്രമിക്കുന്നുണ്ടോ എന്നും നാം നോക്കണം. പൂർവ്വികർ സഹാബിമാരായിരുന്നാലും സാധാരണ അഹ്മദികളായിരുന്നാലും ശരി.

ഇവിടെ അമേരിക്കയിൽ ഒരു വലിയ വിഭാഗം ആഫ്രോ അമേരിക്കനുമുണ്ട്. ഇവരുടെ പൂർവ്വികർ അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ വലിയ ത്യാഗങ്ങൾ സമർപ്പിക്കുകയും തങ്ങളിൽ വലിയ മാറ്റം ഉണ്ടാക്കുകയും ചെയ്തു. ആ അവസ്ഥ ഇപ്പോഴും നിലവിലുണ്ടോ എന്നും നാം പരിശോധന നടത്തേണ്ടിയിരിക്കുന്നു, നമ്മുടെ വാക്കിലും പ്രവർത്തിയിലും അന്തരമുണ്ടോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കും എന്ന മുദ്രാവാക്യം താത്കാലികമായ ആവേശം മാത്രമാണോ? ഹദ്റത് മസീഹ് മൗഊദ് (അ) നെ ഏതെല്ലാം നിബന്ധനകളുടെ അടിസ്ഥാനത്തിലാണോ നാം ബൈഅത്ത് ചെയ്തത് അതിനെ നമ്മുടെ ജീവതത്തിന്റെ ഭാഗമാക്കി മാറ്റുവാനായി നാം പരിശ്രമിക്കുന്നുണ്ടോ?

അതുകൊണ്ട് ഇങ്ങനെയുള്ള ആത്മപരിശോധനകളാണ് നമ്മേ അഭിവൃദ്ധിയിലേക്ക് നയിക്കുന്നതും നമ്മുടെ വിശ്വാസത്തേയും കർമ്മത്തെയും സംയോജിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതും.

ഇപ്പോൾ ഞാൻ ഇവ്വിധത്തിലുള്ള ആത്മപരിശോധന നടത്തുന്നതിനായി ബൈ അത്തിന്റെ നിബന്ധനകളിലെ ഒരു സുപ്രധാന നിബന്ധനയിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. അത് ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങളിൽ രണ്ടാമത്തെ സുപ്രധാന കാര്യമാണ്. വിശുദ്ധ ഖുർആനിലും ഇതിനെക്കുറിച്ച് ആവർത്തിച്ച് പ്രതിപാദിക്കുന്നുണ്ട്. തിരുനബി(സ) ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് നിരന്തരമായി ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ആ സുപ്രധാനകാര്യമാണ് നമസ്കാരം.

ബൈഅത്തിന്റെ മൂന്നാമത്തെ നിബന്ധനയിൽ ഹദ്റത് മസീഹ് മൗഊദ് (അ) അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്ന കാര്യങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പ്രഥമമായി ഈ അടിസ്ഥാനകാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു. എന്റെ ബൈഅത്തിൽ വരുന്നവർ ഇപ്രകാരം പ്രതിജ്ഞ ചെയ്യുക.

അല്ലാഹുവിന്റേയും നബി(സ) തിരുമേനിയുടേയും കൽപന കളനുസരിച്ച് അഞ്ചുനേരനമസ്കാരങ്ങളും കൃത്യമായി നിർവ ഹിക്കുന്നതാണ്.

ഇവിടെ നമസ്കരിക്കുക എന്ന് പ്രതിജ്ഞ ചെയ്യാനല്ല പറ ഞ്ഞത്. മറിച്ച് അഞ്ചുനേര നമസ്ക്കാരം അല്ലാഹുവിന്റെയും തിരുനബി(സ)യുടെയും കൽപനപ്രകാരം അനുഷ്ഠിക്കുമെ ന്നാണ്. അതുകൊണ്ട് അല്ലാഹുവും അവന്റെ റസൂൽ(സ)ഉം പറഞ്ഞ പ്രകാരമായിരിക്കണം അവ നിർവ്വഹിക്കേണ്ടത്. നമ സ്കാരത്തെക്കുറിച്ച് അല്ലാഹുവിന്റെ കൽപന എന്താണ്.

പറയുന്നു وَاَقِيْمُوا الصَّلٰوةَ

നമസ്കാരം നിലനിർത്തുക.

നമസ്കാരം നിലനിർത്തുവാനുള്ള കൽപന വിശുദ്ധ ഖുർആ നിൽ വിവിധ സ്ഥലങ്ങളിൽ കാണാൻ സാധിക്കും. സൂറ: ബക്കറ യുടെ തുടക്കത്തിൽ തന്നെ ഈമാൻബിൽ ഗൈബിന് (മറഞ്ഞി രിക്കുന്ന കാര്യത്തിലുള്ള വിശ്വാസത്തിന്) ശേഷം നമസ്കാ രത്തിലേക്കാണ് ശ്രദ്ധ ക്ഷണിച്ചത്.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു. 'നമസ്കാരം നില നിർത്താത്തിടത്തോളം കാലം മനുഷ്യന് അല്ലാഹുവിന്റെ സാമി പ്യം കരസ്ഥമാക്കാൻ സാധ്യമല്ല. ഇക്കാലത്ത് നമസ്കാരം നില നിർത്തേണ്ടതിന്റെ പ്രാധാന്യം ഒന്നുകൂടി വർദ്ധിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു ഖിലാഫത്തിന്റെ വാഗ്ദാനത്തോടൊപ്പം ഇക്കാര്യത്തിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഖിലാ ഫത്തിന്റെ അനുഗ്രഹം ബന്ധപ്പെട്ടിരിക്കുന്നത് നമസ്കാരം നിലനിർത്തുന്നുവരുമായാണ്.

എന്താണ് നമസ്കാരം നിലനിറുത്തൽ കൊണ്ടുദ്ദേശിക്കു ന്നത്? അത് നമസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കലും കൃത്യമായി അനുഷ്ഠിക്കലും കൃത്യസമയത്ത് അനുഷ്ഠിക്കലു മാണ്. അല്ലാഹുതആല പറയുന്നു.

وَاَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ وَارْكَعُوْا مَعَ الرّٰكِعِيْنَ۝

നമസ്കാരം നിലനിർത്തുക. സകാത്ത് നൽകുക. റുകൂഅ് ചെയ്യുന്നവരോടൊപ്പം റുകൂഅ് ചെയ്യുക. അല്ലാഹുവിന്റെ സമ ക്ഷം ഒരുമിച്ച് ചേർന്നുകൊണ്ട് കുമ്പിടുന്നവരോടൊപ്പം കുമ്പി ടുക. നമസ്കാരം അനുഷ്ഠിക്കുന്നവരുടെയും ധനത്യാഗം ചെ യ്യുന്നവരുടെയും ഗുണങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞത് അവരിൽ ഒരു സംഘടിതഭാവം ഉണ്ടായിരിക്കണം എന്നതാണ്. ജമാഅത്തായി ആരാധന നടത്തുക എന്നാണ് അവർ കൽപ്പി ക്കപ്പെട്ടിരിക്കുന്നത്. ജമാഅത്തായും കൊണ്ട് സാമ്പത്തിക ത്യാഗം ചെയ്യാനും കൽപിച്ചിട്ടുണ്ട്. സംഘടിതമായി ചെയ്യുന്ന ഈ പ്രവർത്തനങ്ങളിലാണ് അനുഗ്രഹം ഉണ്ടാകുക.

നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുന്നതിനെക്കുറിച്ച് തിരുനബി(സ) പറഞ്ഞത് ജമാഅത്തായി നമസ്കരിക്കുന്ന വർക്ക് 27 ഇരട്ടി കൂടുതൽ പ്രതിഫലം ലഭിക്കുമെന്നാണ്. ഇത് നാം ദർസുകളിൽ കേൾക്കുന്നു. പ്രസംഗങ്ങളിൽ കേൾക്കുന്നു. കുട്ടികൾക്ക് പ്രസംഗം എഴുതിക്കൊടുക്കുമ്പോൾ അതിലും നാം ഇവയെല്ലാം ചേർക്കുന്നു, എന്നാൽ ഇത് പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ട അവസരം വരുമ്പോൾ ശ്രദ്ധിക്കാറില്ല. അതി നാൽ അതീവ നിർബന്ധഘട്ടങ്ങളിലല്ലാതെ ജമാഅത്തിയ നമസ്കാരം ഉപേക്ഷിക്കാൻ പാടില്ല.

നമസ്കാരം ജമാഅത്തായി തന്നെ അനുഷ്ഠിക്കണം. എന്നാ ൽ ഞാൻ പറഞ്ഞതുപോലെ ഒരു ആത്മപരിശോധന നട ത്തുകയാണെങ്കിൽ ജമാഅത്തായ നമസ്കാരത്തിൽ വേണ്ട പോലെ ശ്രദ്ധിക്കുന്നില്ല എന്ന് കാണാൻ സാധിക്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അമേരിക്കയിൽ മസ്ജിദ് നിർമ്മാണത്തിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. എന്നാൽ മസ്ജിദുകൾ നിർമ്മിക്കുന്നതുകൊണ്ട് പ്രയോജനമു ണ്ടാകുന്നത് അതിനോടുള്ള കടമകൾ നിറവേറ്റുമ്പോൾ കൂടി യാണ്. മസ്ജിദുകളോടുള്ള കടമ എന്നാൽ അതിനെ നിറക്കുക എന്നതാണ്. അതിനെ നിറക്കാനുള്ള സംവിധാനം അല്ലാഹു പറഞ്ഞിട്ടുള്ളത് അഞ്ചുനേരവും നമസ്കാരത്തിനായി അവിടെ വരിക എന്നതാണ്. പലർക്കും ജോലി കാരണത്താൽ അഞ്ചു നേരവും മസ്ജിദിൽ വരുന്നത് ബുദ്ധിമുട്ടാണെന്നത് ശരി തന്നെ. എന്നാൽ സുബ്ഹിക്കും മഗ്രിബിനും ഇശാക്കും ഈ ഒഴികഴിവ് പറയാൻ കഴിയില്ല. ആ സമയത്ത് വരാവുന്നതാണ്.

അഹ്മദിയ്യാലോകത്ത് ഈ പാശ്ചാത്യനാടുകളിൽ വസി ക്കുന്ന, മസ്ജിദിന്റെ പതിനഞ്ച് ഇരുപത് മിനുട്ട് ദൂരത്ത് താമസി ക്കുന്നവരുമായ പലരും നമസ്കാരത്തിനായി മസ്ജിദിൽ വരു ന്നുണ്ടെന്നത് എനിക്കറിയാം. ളുഹർ, അസർ നമസ്കാരങ്ങൾ മസ്ജിദിൽ വന്ന് നമസ്കരിക്കാൻ കഴിയില്ലെങ്കിൽ ഞാൻ പറ ഞ്ഞതുപോലെ സുബ്ഹി, മഗ്രിബ്, ഇശാഅ് എന്നീ സമയ ങ്ങളിൽ ഇക്കൂട്ടർ മസ്ജിദിൽ വരാൻ തീർച്ചയായും ശ്രമിക്കുന്ന വരാണ്.

ഇവിടെ ഏകദേശം എല്ലാവർക്കും യാത്രാ വാഹനമുണ്ട്. തങ്ങളുടെ ഭൗതിക പ്രവർത്തനങ്ങൾക്കായി ഈ വാഹനങ്ങൾ നിങ്ങൾ ഉപയോഗിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാ ക്കാനായി അവനെ ആരാധിക്കുവാനായി ഈ വാഹനങ്ങൾ നിങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ഈ വാഹനങ്ങൾ ദീനിസേവനത്തിന് ഉപയോഗിക്കുന്നതുകൂടിയായിത്തീരുന്ന താണ്. നിങ്ങളുടെ ഇരുലോകവും ശരിയായിത്തീരുന്നതുമാണ്.

എവിടെയെങ്കിലും പള്ളിയിൽ വരാൻ പറ്റാത്ത അവസ്ഥയു ണ്ടെങ്കിൽ അടുത്ത് അഹ്മദീ വീടുകൾ ഉണ്ടെങ്കിൽ ഏതെ ങ്കിലും അഹ്മദീ വീട്ടിൽ ഒത്തുചേർന്ന് ജമാഅത്തായി നമസ്ക രിക്കാവുന്നതാണ്. ഇങ്ങനെയുള്ള സംവിധാനം ഏർപ്പെടുത്താ വുന്നതാണ്. ഒറ്റവീട് മാത്രമുള്ള സ്ഥലത്ത് തങ്ങളുടെ വീട്ടിൽ തന്റെ ഭാര്യാമക്കളോടൊപ്പം ജമാഅത്തായി നമസ്കാരം അനു ഷ്ഠിക്കാൻ ശ്രമിക്കേണ്ടതാണ്. അപ്പോൾ മാത്രമേ കുട്ടികൾക്കും ജമാഅത്തായ നമസ്ക്കാരത്തിന്റെ പ്രാധാന്യം മനസ്സിലാകു കയുള്ളൂ. കുട്ടികൾ നമസ്കാരത്തിനായി എഴുന്നേൽക്കുന്നവ രായാൽ അതോടൊപ്പം പല വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും അവർക്ക് വിട്ടുനിൽക്കാൻ സാധിക്കുന്നതാണ്. ചിലർ രാത്രി വളരെ വൈകിവരെ ടി.വി. കണ്ടും ഇന്റർനെറ്റിൽ ഇരുന്നും സമയം കഴിച്ചുകൂട്ടുന്ന ശീലമുള്ള ചിലരുണ്ട്. നമസ് ക്കാരത്തിന് നേരത്തെ എഴുന്നേൽക്കാൻ ഉള്ളതുകൊണ്ട് അവർക്ക് നേരത്തെ ഉറങ്ങുന്ന ശീലം ഉണ്ടായിത്തീരും. ഇതു കാരണം തങ്ങളുടെ സമയം പാഴാക്കുന്നതിൽ നിന്നും അവർ രക്ഷപ്പെടും. പ്രത്യേകിച്ച് യുവത്വത്തിലേക്ക് പദമൂന്നുന്ന കുട്ടി കൾക്ക് നമസ്കാരത്തിന് എഴുന്നേൽക്കുന്ന ശീലമുണ്ടായാൽ ഈ ഭൗതികലോകത്ത് അവരുടെ ഭൗതിക പ്രവർത്തനങ്ങ ളിലും സന്തുലിതാവസ്ഥ കൈവരിക്കാൻ സാധിക്കുന്നതാണ്. ചില നല്ല കാര്യങ്ങൾ ഉണ്ടാകും. വിജ്ഞാനപ്രദമായ വസ്തു ക്കളുണ്ടാകും. അത് കാണണ്ട എന്ന് ഞാൻ പറയുന്നില്ല. എന്നാൽ എല്ലാ പ്രവർത്തനത്തിലും ഒരു സന്തുലനം അനിവാ ര്യമാണ്. നമസ്കാരത്തെ വിട്ട് ഈ ഭൗതികകാര്യങ്ങളെ

കരസ്ഥമാക്കാൻ ശ്രമിക്കുക എന്നത് പമ്പരവിഢിത്തമാണ്.

അവധി ദിവസങ്ങളിൽ ചില കുടുംബങ്ങൾ ചില സ്വകാര്യ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കും. അവധിദിവസങ്ങളിൽ കുടുംബസമേതം പുറത്തെവിടെയെങ്കിലും പോകാനുള്ള പരിപാടി ഉണ്ടെങ്കിൽ അത് വേറെ കാര്യം. അല്ലെങ്കിൽ അവധി ദിവസങ്ങളിൽ കൂടുതൽ സമയത്തും മസ്ജിദിൽ വരേണ്ടതും കുട്ടികളെയും കൂടെ കൊണ്ടുവരേണ്ടതുമാണ്.

പലരും പറയാറുള്ളത് കുട്ടികൾക്ക് മസ്ജിദിൽ വരുന്ന ശീലമില്ലെന്നാണ്. ചില കുട്ടികൾ വഴിതെറ്റിപ്പോകുന്നു എന്നും പറയുന്നു. അവരെ ചെറുപ്പം മുതലേ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്ന ശീലമുള്ളവരാക്കിയാൽ അവരെ ശരിപ്പെടുത്താൻ കഴിയും. നമസ്കാരത്തിലൂടെ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റപ്പെടുന്നതാണ്. കുട്ടികൾക്ക് ചെറുപ്പത്തിലെ തന്നെ നമസ്കാരം അടിസ്ഥാനപരമായ കാര്യമാണെന്നും ഇതില്ലാതെ ഒരു മുസ്‌ലിം മുസ്‌ലിമായിരിക്കില്ലെന്നും ബോധ്യം വന്ന് കഴിഞ്ഞാൽ യുവത്വത്തിൽ ഈ ശീലം ശക്തമായിത്തീരുന്നതാണ്. പിന്നീട് കുട്ടികൾ തെറ്റിപ്പോയെന്ന പരാതിയൊന്നും ഉണ്ടാവില്ല.

നിങ്ങൾ വിനോദത്തിനായി എവിടെയെങ്കിലും പോകുന്നുണ്ടെങ്കിൽ തന്നെ ഭൗതികാനന്ദത്തിനായി അവസരം ഒരുക്കുമ്പോൾ കുടുംബം ഒന്നടങ്കം അവിടെ ജമാഅത്തായി നമസ്കരിക്കാനുള്ള അവസരം ഉണ്ടാക്കേണ്ടതാണ്. ഇങ്ങനെ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ കുടുംബസമേതം നമസ്കരിക്കുമ്പോൾ അതു കാണുന്നവരിലും ഇതിലേക്ക് താത്പര്യമുണ്ടാകുന്നതായും തുടർന്ന് തബ്‌ലീഗിന്റെ മാർഗ്ഗം തുറന്നതായും നമ്മേ പരിചയപ്പെടുത്താൻ കഴിഞ്ഞതായും എനിക്ക് അനുഭവമുണ്ടായിട്ടുണ്ട്. പലരും തന്നെ അവരുടെ അനുഭവം എന്നോട് പങ്കുവെച്ചിട്ടുണ്ട്.

മുസ്‌ലിംകളെ ക്കുറിച്ച് പൊതുവിലുള്ള ധാരണ തീവ്രവാദികളായ മുസ്‌ലിംകളാണ് നമസ്കരിക്കുന്നത് എന്നാണ്. എന്നാൽ വിനോദത്തിനായി വന്ന കുട്ടികളും മുതിർന്നവരും എല്ലാം നമസ്കരിക്കുന്നതായി അവർ കാണുമ്പോൾ, അതോടൊപ്പം എല്ലാവരും ധരിച്ചിരിക്കുന്നത് പോലുള്ള വസ്ത്രം തന്നെ ഇവർ ധരിച്ചുകൊണ്ട് ആരാധിക്കുകയും അതിൽ മുഴുകുകയും ചെയ്യുന്നത് കാണുമ്പോൾ തീർച്ചയായും മറ്റുള്ളവർ ശ്രദ്ധിക്കും. നമസ്കാരം കാരണമായി മറ്റുള്ളവർ തങ്ങളിലേക്ക് തിരിഞ്ഞത് എങ്ങിനെയാണെന്ന് ചിലർ വിവരിക്കാറുണ്ട്. അതിനു ശേഷം തബ്‌ലീഗിനുള്ള വഴി തുറക്കുകയും ചെയ്തു.

അതുകൊണ്ട് കുട്ടികളും മുതിർന്നവരും ഒരു രീതിയിലുള്ള അപകർഷതാബോധത്തിനും അകപ്പെടേണ്ട കാര്യമില്ല. ഈ ലോകത്ത് മതപരവും ആത്മീയവുമായ വിപ്ലവം ഉണ്ടാക്കുമെന്നതാണ് നമ്മുടെ വാദം. ഈ വിപ്ലവം ഉണ്ടാക്കുന്നവർ എല്ലാ തരത്തിലുമുള്ള അപകർഷതാബോധത്തിൽ നിന്നും സ്വതന്ത്രരായവരായിരിക്കണം. അവർ തങ്ങളിൽ തന്നെ ആദ്യമായി മതപരവും ആത്മീയവുമായ വിപ്ലവം ഉണ്ടാക്കുന്നവരായിരിക്കണം. ഈ വിപ്ലവം ആരാധനയുടെ തേട്ടം നിറവേറ്റാതെ സാധ്യമല്ല. ആരാധനയുടെ തേട്ടം നിറവേറ്റുവാൻ ഏറ്റവും പ്രഥമവും സുപ്രധാനവുമായത് നമസ്കാരമാണ്.

അതുകൊണ്ട് നിങ്ങളുടെ നമസ്ക്കാരങ്ങളെ സംരക്ഷിക്കുക. അല്ലാഹു തആല വിശുദ്ധഖുർആനിൽ പറയുന്നു

حٰفِظُوْا عَلَى الصَّلَوٰتِ

നിങ്ങളുടെ നമസ്കാരങ്ങളെ സംരക്ഷിക്കുക. ഹഫള എന്ന് പറഞ്ഞാൽ തന്നെ കൃത്യനിഷ്ഠ പാലിക്കുക എന്നും അതിനെ സംരക്ഷിക്കുകയെന്നുമാണ്. തുടർന്ന് പറഞ്ഞത് സ്വലാത്തെ വുസ്തയെ (ഇടയിലുള്ള നമസ്കാരത്തെ) പ്രത്യേകമായി സംരക്ഷിക്കുകയും ചെയ്യുക. നിങ്ങളുടെ ജോലിത്തിരക്കിനിടയിൽ വരുന്ന നമസ്ക്കാരം, ഏതെങ്കിലും കാരണത്താൽ സമയത്ത് അനുഷ്ഠിക്കാൻ കഴിയാത്ത നമസ്കാരം, അതിനെ നിർബന്ധമായും സംരക്ഷിക്കേണ്ടതാണ്. നമസ്കാരത്തിനോടുള്ള അലസത നിങ്ങളെ അനുസരണമുള്ളവരുടെ ലിസ്റ്റിൽ നിന്നും നീക്കികളയുന്നതാണ്. അതുകൊണ്ടാണ് നമസ്കാരം നിലനിർത്തേണ്ട കാര്യത്തിലേക്ക് അല്ലാഹു പ്രത്യേകം ശ്രദ്ധതിരിക്കുന്നത്. അതോടൊപ്പം നിങ്ങളുടെ അലസതയും ഭൗതീക പ്രവർത്തിയും കാരണം അനുഷ്ഠിക്കാൻ തടസ്സമുണ്ടാകുന്ന നമസ്കാരങ്ങളെ പ്രത്യേകം സംരക്ഷിക്കാനും പറഞ്ഞിരിക്കുന്നത്. ചില നമസ്കാരങ്ങൾ നാം അനുഷ്ഠിച്ചെങ്കിലും അതിന്റെ കടമ നിറവേറ്റപ്പെട്ടിട്ടുണ്ടാവില്ല. ചിലർ വേഗം വേഗം നമസ്കരിക്കുന്നുണ്ടാകും. എന്നാൽ നമസ്കാരത്തിന്റെ കടമ നിറവേറ്റപ്പെടുന്നുണ്ടാകില്ല.

തുടർന്ന് അല്ലാഹു പറയുന്നു وَقُوْمُوْا لِلّٰهِ قٰنِتِيْنَ

അല്ലാഹുവിന്റെ അനുസാരികളായും കൊണ്ട് എഴുന്നേറ്റ് നിൽക്കുക. പൂർണ്ണമായ ശ്രദ്ധ നമസ്കാരത്തിലായിരിക്കണം. ഇതേപോലെ ഭൗതീകമായ അനുഗ്രഹങ്ങളും ആശങ്കകളും നിങ്ങളുടെ മനസ്സിനെ വലയം ചെയ്യരുത്. ഏതൊരു അല്ലാഹുവിന്റെ മുമ്പിലാണോ ഞാൻ നിൽക്കുന്നത് അവനെ പൂർണ്ണമായും ഞാൻ അനുസരിക്കുന്നതാണെന്ന ചിന്ത ഉണ്ടായിരിക്കണം. ഈ അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ അങ്ങനെയുള്ള നമസ്കാരക്കാരെക്കുറിച്ച് അല്ലാഹു പറയുന്നത് ഈ നമസ്കാരങ്ങൾ നിങ്ങളെ സംരക്ഷിക്കുന്നതായിരിക്കും. നിങ്ങളുടെ സംരക്ഷകരായി മാറും. തിൻമകളിൽ നിന്ന് നിങ്ങളെ തടയുകയും നിങ്ങളുടെ വീടുകളെ അനുഗ്രഹങ്ങളാൽ നിറക്കുകയും ചെയ്യുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിക്കുന്നത് ഇതാണ്. നിങ്ങൾ താൽപര്യമില്ലാത്ത, ആനന്ദം ലഭിക്കാത്ത നമസ്കാരം അനുഷ്ഠിക്കരുത്. ഹൃദയസാന്നിധ്യം ലഭിക്കുന്ന നമസ്കാരം അനുഷ്ഠിക്കാൻ പരിശ്രമിക്കണം. ഇതുമുഖേന നിങ്ങൾക്ക് ആനന്ദവും താത്പര്യവും ഉണ്ടാകുന്നതാണ്.

അല്ലാഹു പറയുന്നു اِنَّ الصَّلٰوةَ تَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ

നിശ്ചയമായും നമസ്കാരം അനിഷ്ഠകരവും തിന്മനിറഞ്ഞതുമായ പ്രവർത്തനങ്ങളിൽ നിന്നും തടയുന്നു. എപ്പോഴും നാം ഓർക്കേണ്ടത് നമസ്കാരം വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും നീചപ്രവർത്തികളിൽ നിന്നും നമ്മെ തടയുന്നുവെന്നാണ്. എന്നാൽ എല്ലാ നമസ്കാരവും ഇത് ചെയ്യുന്നില്ല. എല്ലാ നമസ്കാരക്കാരനെയും ഇത് തടയുന്നില്ല. എല്ലാ നമസ്കാരവും തിൻമയിൽ നിന്ന് അകറ്റുകയില്ല. സമ്പൂർണ്ണ അനുസരണ വൃത്തത്തിൽ നിന്നുകൊണ്ട് അനുഷ്ഠിക്കപ്പെടുന്ന നമസ്കാരമാണ് നമസ്കാരക്കാരനെ തിൻമയിൽ നിന്ന് വിട്ടു നിർത്തുന്നത്. അല്ലാഹു എന്റെ എല്ലാ ചലനങ്ങളും കാണുന്നുണ്ട് എന്ന ചിന്തയോടുകൂടി അനുഷ്ഠിക്കപ്പെടുന്ന നമസ്കാരമാണ് തിന്മയിൽ നിന്ന് തടയുക. എന്റെ എല്ലാ ചലനങ്ങളും കാണുന്ന അല്ലാഹുവിന്റെ മുമ്പിലാണ് ഞാൻ നിൽക്കുന്നത് എന്ന ചിന്ത

ഉണ്ടായിരിക്കണം. ഇങ്ങനെയുള്ള സമ്പൂർണ്ണ അനുസരണമുള്ള നമസ്കാരമാണ് തിൻമയിൽ നിന്നും സംരക്ഷിക്കുക. ഏതൊരു വീട്ടിലാണോ ഇങ്ങനെയുള്ള നമസ്കാരം അനുഷ്ഠിക്കപ്പെടുന്നത്, അതിന്റെ നിറം തന്നെ ഒന്ന് വേറെയായിരിക്കും.

അതുകൊണ്ട് അങ്ങനെയുള്ള നമസ്കാരമാണ് നാം അന്വേഷിക്കേണ്ടത്. അപ്പോഴാണ് നാം ചെയ്തിരിക്കുന്ന ബൈഅത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നവരായി നാം മാറുക. അതല്ലാതെ നമസ്കാരത്തിന് കൈ കെട്ടിയാൽ നമ്മുടെ ചിന്തകൾ ഭൗതീക ജോലിയിലേക്കും ആഗ്രഹങ്ങളിലേക്കും ആകാൻ പാടില്ല. അതുമല്ലെങ്കിൽ നമസ്കാരം ഇടക്ക് അനുഷ്ഠിക്കുകയും ഇടക്ക് ഉപേക്ഷിക്കുയും ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്.

വീണ്ടും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. നാം ഓരോരുത്തരും ഒരാത്മ പരിശോധന നടത്തുക. ഈ നാടുകളിൽ താമസിക്കുന്നവർ ഭൗതീക ചുറ്റുപാടുകാരണം നമസ്കാരത്തിലേക്ക് പ്രത്യേകം ശ്രദ്ധ നൽകുന്നില്ല. മൂന്നാംകിട രാഷ്ട്രങ്ങളിലെ നഗരങ്ങളിൽ താമസിക്കുന്നവരുടെയും അവസ്ഥ ഇതൊക്കെത്തന്നെയാണ്. എന്നാൽ മസ്ജിദുകളിൽ പോകുന്ന ഒരു വിഭാഗം ആളുകൾ ഇല്ലാതില്ല. ഇസ്‌ലാമിന്റെ ഈ അടിസ്ഥാന കാര്യത്തിലേക്ക് ഞാൻ അടിക്കടി ഉണർത്തിയിട്ടും എനിക്ക് മുമ്പുള്ള ഖലീഫമാരും ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടും ഇതാ ണവസ്ഥ. ഇക്കാലത്ത് എം.ടി.എ എന്ന മഹത്തായ അനുഗ്രഹം അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. മുമ്പുള്ള ഖലീഫമാരുടെ ശബ്ദം ലോകത്തിന്റെ നാനാ കോണുകളിലും പെട്ടെന്ന് ഉടനടി നേരിട്ട് എത്തിപ്പെടാൻ കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ ഇപ്പോൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും ഈ സന്ദേശം ഉടനടി എത്തിക്കൊണ്ടിരിക്കുകയാണ്. നമ്മിൽ ചിലർ ഈ ഖുത്വുബകളും പ്രസംഗങ്ങളും കേൾക്കുന്നില്ലെങ്കിൽ, ഇനി കേൾക്കുന്നുണ്ടെങ്കിൽതന്നെ താൽപര്യത്തോടെ ശ്രദ്ധിക്കുന്നില്ലെങ്കിൽ, ഒരു ചെവിയിലൂടെ കേട്ട് മറ്റെ ചെവിയിലൂടെ വിടുന്ന അവസ്ഥയാണെങ്കിൽ ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുന്നവനാണെന്ന ബൈഅത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നവനായി തീരുകയില്ല. അതേപ്പോലെ എല്ലാ നല്ല തീരുമാനത്തെയും അംഗീകരിക്കുന്നതാണെന്ന പ്രതിജ്ഞയെയും ലംഘിക്കുന്നവരായിരിക്കും. പൂർണ്ണമായും അനുസരിക്കുമെന്ന പ്രതിജ്ഞയെ ധിക്കരിക്കുന്നവരായിരിക്കും. ഒരു ചെവിയിലൂടെ കേട്ട് മറ്റെ ചെവിയിലൂടെ വിടുക എന്നത് അനുസരണത്തിൽ നിന്നും പുറത്ത് പോകുന്ന പ്രവർത്തിയാണ്. പരിപൂർണ്ണ അനുസരണത്തിൽ നിന്നും അകറ്റിക്കൊണ്ടുപോകുന്ന പ്രവർത്തിയാണത്. അങ്ങനെയുള്ളവരെ അല്ലാഹു താക്കീത് ചെയ്തുകൊണ്ട് പറയുന്നു

فَوَيْلٌ لِّلْمُصَلِّيْنَ ۝ الَّذِيْنَ هُمْ عَنْ صَلَاتِهِمْ سَاهُوْنَ ۝

തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരായി കഴിയുന്ന നമസ്കാരക്കാർക്ക് മഹാനാശം. ഈ അശ്രദ്ധ ജമാഅത്തിയായ നമസ്കാരത്തിന് ശ്രദ്ധയില്ലാത്തതു കൊണ്ടുമാണ്. അതേപ്പോലെ കൃത്യമായി നമസ്കാരിക്കാത്തതുകൊണ്ടും പൂർണ്ണ ശ്രദ്ധ നമസ്കാരത്തിൽ ചെലുത്താൻ ശ്രമിക്കാത്തതുകൊണ്ടുമാണ്.

ചില സന്ദർഭങ്ങളിൽ നമസ്കാരത്തിൽ ശ്രദ്ധ നിലനിൽക്കാറില്ലായെന്നത് ശരിയാണ്. എന്നാൽ തുടർച്ചയായി നമ്മുടെ ശ്രദ്ധ നമസ്കാരത്തിലേക്ക് കൊണ്ടുവരേണ്ടതാണ്. നമസ്കാരം നിലനിർത്തുകയെന്നതിന്റെ ഒരർത്ഥം ഇതും കൂടിയാണ്. അതുകൊണ്ട് ഇത് വളരെ ഭയപ്പെടേണ്ട ഒരവസ്ഥയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിച്ചിട്ടുണ്ട്.

ആ മഹാത്മാവ് പറയുന്നു:എന്നെ വിശ്വസിക്കാത്ത ഒരാൾ തെറ്റുചെയ്യുകയാണെങ്കിൽ അവൻ പാപി തന്നെയാണ്. എന്നാൽ എന്നെ അംഗീകരിക്കുന്നവൻ, ബൈഅത്തിന്റെ പ്രതിജ്ഞ ചെയ്തിട്ടും അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അവൻ കൂടുതലായി പിടിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഓരോ അഹ്മദിയിലും ഇത് വലിയ ഉത്തരവാദിത്തമാണ് അർപ്പിക്കുന്നത്. അല്ലാഹുവിനെ മുൻനിർത്തി ഞാൻ ചെയ്ത ബൈഅത്തിന്റെ പ്രതിജ്ഞ ഞാൻ നിറവേറ്റുന്നില്ലെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ മറുപടി പറയേണ്ടിവരും എന്ന ചിന്തയില്ലാത്തിടത്തോളം നമുക്ക് ഈ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ സാധ്യമല്ല.

അതുകൊണ്ട് മുതിർന്നവരും ചെറിയവരും പുരുഷൻമാരും സ്ത്രീകളും എല്ലാം തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുക. ഇവിടെ പല വീടുകളിലും കാണുന്ന അസ്വസ്ഥതക്ക് കാരണം ഇബാദത്തിലേക്ക് അതർഹിക്കുന്ന വിധമുള്ള ശ്രദ്ധ ഇല്ലാത്തതുകൊണ്ടാണ്. ചിലർ മുലാഖാത്ത് നടത്തുമ്പോൾ ദുആക്ക് വേണ്ടി അപേക്ഷിക്കുന്നു. ഞാൻ അവരോട് പറയാറുള്ളത് നിങ്ങൾക്ക് വേണ്ടി നിങ്ങളും പ്രാർത്ഥിക്കണമെന്നാണ്. നമസ്കാരത്തിലേക്ക് ശ്രദ്ധ ഉണ്ടാകുകയും വേണം. നമസ്കാരം കൃത്യമായി അനുഷ്ഠിക്കാറുണ്ടോ എന്ന് ചോദിച്ചാൽ ചിലർ ഇല്ലായെന്നാണ് പറയാറ്. അങ്ങനെയുള്ളവരോട് പൊതുവിൽ ഞാൻ പറയുന്നത് ദീനിനെ നിങ്ങൾ പരിഹസിക്കരുത് എന്നാണ്. ഇതിനെ തമാശയായി കാണരുത്. സ്വയം നമസ്കാരത്തിന്റെയോ ദുആയുടെയോ ശീലമില്ല, ഇതിലേക്ക് ശ്രദ്ധിക്കുന്നില്ല. എന്നിട്ട് തങ്ങളുടെ ഭൗതീകമായ കാര്യലാഭത്തിനായി ദുആക്കപേക്ഷിക്കുന്നു. ആദ്യം സ്വയം അല്ലാഹുവിലേക്ക് ശ്രദ്ധിക്കുക. എന്നിട്ട് പ്രാർത്ഥിക്കാൻ പറയുക. സ്വന്തം അവസ്ഥയിൽ ഒരു മാറ്റം വരുത്തുകയോ മാറ്റം വരുത്താൻ പരിപൂർണ്ണമായും പരിശ്രമിക്കുകയോ ചെയ്യുന്നില്ലെങ്കിൽ മറ്റുള്ളവരുടെ പ്രാർത്ഥനയും ഒരു ഫലവും ചെയ്യുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിക്കാൻ ഉദ്ദേശിച്ച ജമാഅത്ത് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്ന ആളുകളുടെ ജമാഅത്താണ്. അവർ തങ്ങളുടെ ഇബാദത്തുകളെ സംരക്ഷിക്കുന്നവരായിരിക്കും. അതുകൊണ്ടാണ് ആ മഹാത്മാവ് പറഞ്ഞത് ഞാൻ പീറുമാരെ (തങ്ങമ്മാരെ) പൂജിക്കുന്നത് നിർത്തലാക്കാനാണ് വന്നത്. അദ്ദേഹം പറയുന്നു നിങ്ങൾ (പീറുകൾ) ഭക്തരായിത്തീരുക. പീറുകളെ പൂജിക്കുന്നവരാകരുത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ അനുയായികളെ ഏതൊരു (പീറുമാരെയാണോ) ഇസ്‌ലാമിക സന്യാസിമാരെയാണോ തന്റെ അനുയായികളിൽ ഉണ്ടാക്കാൻ ആഗ്രഹിച്ചത് ഇന്നത്തെ ഭൗതീകരായ സന്യാസികളെ പോലെയല്ല അവർ. ഇന്നത്തെ പീറുകൾ കൈയ്യിൽ ജപമാലയും പിടിച്ച് തങ്ങളുടെ എല്ലാ കടമകളും നിറവേറ്റപ്പെട്ടുവെന്ന് ധരിക്കുന്നവരാണ്. അവർക്ക് നമസ്കാരത്തിന്റെയോ ഇബാദത്തിന്റെയോ ഒരാവശ്യവുമില്ല എന്നവർ മനസ്സിലാക്കുന്നു. നമസ്കാരത്തിൽ നിന്ന് അവർ എത്രയോ അകലത്തിലായിരിക്കുന്നു. സ്വന്തം നമസ്കരിക്കുന്നില്ല. മാത്രമല്ല തങ്ങളുടെ ശിഷ്യൻമാരോട് അവർ പറയുന്നതും നമസ്കാരത്തിന്റെ ഒരാവശ്യവുമില്ലെന്നാണ്. അങ്ങനെയുള്ള പീറ്മാരും നേതാക്കൻമാരും നേർമാർഗ്ഗത്തിലേക്ക് നയിക്കുന്ന

വരല്ല. വഴികേടിലേക്ക് ജനങ്ങളെ കൊണ്ടു പോകുന്നവരാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)വിന്റെ ഒരു സംഭവം വിവരിക്കുന്നുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സഹോദരി ഒരു പീറിന്റെ ശിഷ്യയായിരുന്നു. ഈ പീർ സാഹിബ് തന്റെ ശിഷ്യൻമാർക്ക് നമസ്കാരത്തിന്റെയോ ഇബാദത്തിന്റെയോ ഒരാവശ്യവുമില്ലെന്ന് പറഞ്ഞു പിടിപ്പിച്ചിരുന്നു. എന്റെ ശിഷ്യത്തം സ്വീകരിക്കുക. ഞാൻ പറഞ്ഞു തരുന്ന ചില കാര്യങ്ങൾ ഞാൻ മാത്രം ചെയ്താൽ മതി. ഖലീഫ അവ്വൽ തന്റെ സഹോദരിയോട് പറഞ്ഞു, നീ പീർസാഹിബിനോട് ചോദിക്കണം . കണക്കെടുപ്പ് ദിവസം അല്ലാഹു ഇബാദത്തുകളെക്കുറിച്ചും മറ്റും ചോദിച്ചാൽ ഞാൻ എന്ത് മറുപടിയാണ് പറയുക. സ്വർഗ്ഗത്തിലേക്ക് പോകുമ്പോൾ മലക്കുകൾ എന്നെ തടഞ്ഞ് എന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചാൽ എന്ത് മറുപടി പറയും.

അങ്ങനെ സഹോദരി പോയി പീറ് സാഹിബ്നോട് ചാദിച്ചു. അദ്ദേഹം പറഞ്ഞു: മലക്കുകൾ നിന്നെ തടഞ്ഞാൽ നീ പറയണം ഞാൻ ഇന്ന പീറിന്റെ (സയ്യിദിന്റെ) ശിഷ്യയാണ്. അപ്പോൾ നിന്റെ വഴി അവർ ശരിയാക്കി കടത്തിവിടും. ഇനി എന്റെ കാര്യമാണെങ്കിൽ ഞാൻ മലക്കിനോട് ചോദിക്കും, കർബലയിൽ ഞങ്ങളുടെ പൂർവ്വികർ ചെയ്ത ത്യാഗങ്ങൾ മതിയാകില്ലെ. അത് മറന്നുപോയോ. തിരുനബി (സ) യുടെ പേരക്കുട്ടി ചെയ്ത ത്യാഗങ്ങൾ മറന്നുപോയോ നിങ്ങൾ? അവരുടെ കുടുംബത്തിൽപ്പെട്ട ആളാണ് ഞാൻ. ഇതു കേട്ടാൽ മലക്ക് നാണിച്ച് ഉടനെ എന്നെ വിട്ടയക്കും. അങ്ങനെ നെഞ്ചു വീർപ്പിച്ചുകൊണ്ട് ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ചുരുക്കത്തിൽ ഈ പീറുകളുടെ അവസ്ഥയാണിത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അംഗീകരിക്കുന്നവർ അങ്ങനെയുള്ള പീറുമാരല്ല ആകേണ്ടത്. നമ്മുടെ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുന്ന വിപ്ലവമാണ് നാം നമ്മിൽ ഉണ്ടാക്കേണ്ടത്. നമ്മുടെ കുട്ടികളിലും വരും തലമുറകളിലും മാറ്റം ഉണ്ടാക്കുന്നതായിരിക്കും. ഈ സമൂഹത്തിൽ ആത്മീയ മാറ്റം ഉണ്ടാകുന്നതായിരിക്കും.

നമ്മുടെ വിശ്വാസം മാത്രം നമ്മേ രക്ഷിക്കില്ലെന്ന് ഓർക്കുക. നമ്മുടെ വിശ്വാസം മാത്രം നമ്മിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കുകയില്ല. നമ്മുടെ പ്രവർത്തനമാണ് നമ്മിൽ വിപ്ലവം സംജാദമാക്കുക. اِنْ شَآءَاللّٰهُ നമ്മുടെ ദുആകൾ ഏറ്റവും കൂടുതലായി അല്ലാഹു സ്വീകരിക്കുമ്പോഴാണ് അല്ലാഹു ഒരു പ്രത്യേക മാറ്റം ഈ ലോകത്ത് ഉണ്ടാക്കുക. ദുആ ചെയ്യുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം നമസ്കാരം തന്നെയാണ്. അതുകൊണ്ട് തങ്ങളുടെ നമസ്കാര സംരക്ഷണം ഓരോ അഹ്മദിക്കും നിർബന്ധമാണ്. ലോകത്ത് താമസിക്കുന്ന എല്ലാ ഓരോ അഹ്മദികളുടെയും മുഖം ഒരോ ദിശയിലേക്കാകുമ്പോൾ ഈ ദുആകളുടെ പ്രവാഹം ഒരേ ഭാഗത്തേക്കാകുമ്പോൾ, ഇവ ഒരു വിപ്ലവം സംജാതമാകുന്നതിന് കാരണമായിത്തീരുന്നതാണ്.

ഖിലാഫത്തിന്റെ കരം ശക്തിപ്പെടുത്തുന്നത് ഓരോ അഹ്മദിയും തങ്ങളുടെ നമസ്കാരത്തിൽ ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) മായി ബന്ധപ്പെട്ട വിപ്ലവം, ഈ വിപ്ലവം ലോകത്തിന്റെ ഭൂരിപക്ഷവും തിരുനബി (സ) യുടെ കൊടിക്കീഴിൽ അണിനിരക്കേണ്ടതാണ്, അത് ദുആ മുഖേനയാണ് ഇവിടെ ഉണ്ടാകേണ്ടത്. അത് ഉണ്ടായിത്തീരേണ്ടതാണ്. അതിനാൽ ഈ കാര്യങ്ങൾ ഓരോ അഹ്മദിയും എപ്പോഴും ഓർക്കുക. തങ്ങളുടെയും തങ്ങളുടെ മക്കളുടെയും നമസ്കാരത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. എന്നാലാണ് തിരുനബി (സ) യുടെ പതാക ലോകം മുഴുവൻ പാറിപ്പറക്കുന്നതായി നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. അല്ലാഹുവിന്റെ അനുഗ്രഹത്തെ നാമും നമ്മുടെ മക്കളും കരസ്ഥമാക്കുന്നവരായി തീരട്ടെ. അല്ലാഹുവിന്റെ കാരുണ്യവും നമസ്കാരം നിലനിർത്തുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹവുമായി ബന്ധപ്പെട്ടതാണ്. അല്ലാഹു പറയുന്നു

وَاَقِيْمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ وَاَطِيْعُوا الرَّسُوْلَ لَعَلَّكُمْ تُرْحَمُوْنَ ﴿٥٧﴾

നമസ്കാരം നിലനിർത്തുക. സക്കാത്ത് നൽകുക. റസൂലിനെ അനുസരിക്കുക. നിങ്ങളിൽ കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി. അല്ലാഹുവിന്റെ റഹം (കാരുണ്യം) കരസ്ഥമാക്കുന്നവരായി നാം മാറണമെങ്കിൽ നമ്മുടെ നമസ്കാരം സംരക്ഷിക്കുകയും അതിനെ നിലനിർത്താൻ ശ്രദ്ധിക്കുകയും വേണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) അടിക്കടി തന്നെ അംഗീകരിക്കുന്നവരെ നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. ബൈഅത്തിന്റെ കടമ നിറവേറ്റുന്നവരും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരുമായി മാറുന്നതോടൊപ്പം അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അവകാശികളായി മാറി നമ്മുടെ ദുൻയാവും ആഖിറത്തും ശരിപ്പെടുത്തുന്നവരായി നാം മാറുന്നതാണ്.

പറയുന്നു: എന്റെ ജമാഅത്തിൽ പെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളെ, ഭയഭക്തിയുടെ വഴികളിൽ ചലിക്കുമ്പോൾ മാത്രമേ നിങ്ങൾ എന്റെ ജമാഅത്തിൽപ്പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ദൈവഭയത്തോടും മനസ്സാന്നിധ്യത്തോടും കൂടി അനുഷ്ഠിക്കുവിൻ.

പറയുന്നു: ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തോളം എത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേർ ഭയഭക്തിയാകുന്നു. ഏതൊരു കർമ്മത്തിൽ ഈ വേർ നഷ്ടപ്പെടുന്നില്ലയോ ആ കർമ്മവും നശിച്ചുപോകുന്നതല്ല.

വീണ്ടും പറയുന്നു: നമസ്കാരം എന്നാൽ എന്താണ്. സ്തോത്രം (തസ്ബീഹ്) ചെയ്തും വീണ്ടും വീണ്ടും സ്തുതിച്ചും (തഹ്മീദ്) പവിത്രത (തഖ്ദീസ്) കാത്തുസൂക്ഷിച്ചും പൊറുക്കലിനെ തേടിയും (ഇസ്തിഗ്ഫാർ) നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് (ദുറൂദ്) നേർന്നും കൊണ്ടും താണുകേണ് യാചിക്കുന്ന പ്രാർത്ഥനയാണ്. അതു കൊണ്ട് നിങ്ങൾ നമസ്കരിക്കുമ്പോൾ അജ്ഞരായ ആളുകളെപ്പോലെ നിങ്ങളുടെ പ്രാർത്ഥനകളിൽ അറബിപദങ്ങൾ മാത്രം ഉച്ചരിക്കുന്നവരാകരുത്. കാരണം അവരുടെ നമസ്കാരവും അവരുടെ പൊറുക്കലിനെ തേടലുമെല്ലാം ആചാരങ്ങളാണ്. അതിനോടൊപ്പം പരമാർത്ഥപരമായ ഒന്നുമില്ല. എന്നാൽ, നിങ്ങൾ നമസ്കരിക്കുമ്പോൾ അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനിലും നബി (സ) തിരുമേനിയുടെ വചനങ്ങളായ ഹദീഥുകളിലും, നമസ്കാരങ്ങളിൽ ഓതാൻ പറഞ്ഞിട്ടുള്ള പ്രാർത്ഥനകൾക്ക് പുറമെ സ്വന്തം ഭാഷയിലും താണുകേണ് പ്രാർത്ഥിക്കുക. നിങ്ങളുടെ ഹൃദയങ്ങളിലും ആ വിനയത്തിന്റെയും വണക്കത്തിന്റെയും അല്പം സ്വാധീനം ഉണ്ടാക്കുന്നതിനു വേണ്ടി.

ഈയൊരവസ്ഥയാണ് നമസ്കാരത്തിൽ നാം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്. ഈ വിനയത്തിന്റെയും വണക്കത്തിന്റെയും വികാരം അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിക്കുന്നതിന് കാരണമായിത്തീരുന്നത്. അല്ലാഹുവിന്റെ ഫള്ലിനെ കരസ്ഥമാക്കുന്നവർ അങ്ങനെയുള്ളവരായി മാറുന്നതാണ്. അങ്ങനെയുള്ള നമസ്കാരമാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ എന്നും കാണാൻ ആഗ്രഹിക്കുന്നത്.

ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: നമസ്കാരം മുഖേന ആകാശം മനുഷ്യന്റെ മുമ്പിൽ കനിയുന്നു.(ദുആ സ്വീകാര്യതയുടെ അവസരമുണ്ടാകുന്നു.) നമസ്കാരത്തിനോടുള്ള കടമ നിറവേറ്റുന്നവൻ താൻ മരിച്ചുപോയിരിക്കുന്നുവെന്ന് കരുതുന്നു. ഇപ്രകാരം അവന്റെ ആത്മാവ് ഉരുകി ദൈവസവിധത്തിൽ വീഴുന്നു. ഏതൊരു വീട്ടിലാണോ ഇത്തരം നമസ്കാരമുള്ളത് അതൊരിക്കലും നശിക്കുകയില്ല. നൂഹിന്റെ കാലഘട്ടത്തിൽ നമസ്കാരമുണ്ടായിരുന്നുവെങ്കിൽ ആ ജനത നശിക്കുമായിരുന്നില്ല എന്ന് ഹദീസിൽ വന്നിരിക്കുന്നു: ഹജ്ജും മനുഷ്യന് സോപാധികമാണ്. നോമ്പും സക്കാത്തും അതുപോലെ തന്നെ. എന്നാൽ നമസ്കാരം സോപാധികമല്ല. (മറ്റു ആരാധനകൾക്ക് ചില നിബന്ധനകൾ പൂർത്തിയാകണം. എന്നാൽ മാത്രമേ അനുഷ്ഠിക്കേണ്ടതുള്ളൂ. അല്ലെങ്കിൽ ആവശ്യമില്ല. എന്നാൽ നമസ്കാരം ഏതവസ്ഥയിലും നിർബന്ധമാണ്. യാത്രയിലാണെങ്കിലും രോഗിയാണെങ്കിലും നിർബന്ധമാണ്. പറയുന്നു..

എല്ലാം ഒരു വർഷത്തിൽ ഒരു പ്രാവശ്യമാണ് അനുഷ്ഠിക്കേണ്ടത്. എന്നാൽ, നമസ്കാരം നിത്യവും അഞ്ചുനേരം അനുഷ്ഠിക്കണമെന്നാണ് കല്പന. അതിനാൽ പൂർണ്ണമായും നമസ്കാരം അനുഷ്ഠിക്കാത്തിടത്തോളം അതിൽ നിന്ന് ലഭ്യമാകുന്ന അനുഗ്രഹമുണ്ടാകുകയില്ല. ഈ ബയ്അത്ത് കൊണ്ടും ഒരു ഫലവും ലഭിക്കുകയില്ല.

നമസ്കാരം നിലനിർത്തലും സംരക്ഷിക്കലും സംബന്ധിച്ച അല്ലാഹുവിന്റെ കൽപനകളുടെ ചില വിശദീകരണമാണ് ഹദ്റത് മസീഹ് മൗഊദ് (അ) നൽകിയിരിക്കുന്നത്. ഓരോ അഹ്മദിയിൽ നിന്നും ഇതാണ് പ്രതീക്ഷിക്കുന്നത്. പറയുന്നു: ഇതില്ലെങ്കിൽ ബയ്അത്ത് ചെയ്തതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. ഞാൻ പറഞ്ഞതുപോലെ ഇതിന്റെ പ്രാധാന്യം ഓരോ അഹ്മദിയും മുന്നിൽ കാണേണ്ടതാണ്. എന്നാൽ മാത്രമേ ഹദ്റത് മസീഹ് മൗഊദ് (അ) വന്നതുകൊണ്ട് നമ്മിൽ വിപ്ലവകരമായ മാറ്റം ഉണ്ടായിട്ടുണ്ടെന്നും അത് ഞങ്ങളെ അല്ലാഹുവുമായി ബന്ധപ്പെടുത്തി എന്നും ലോകത്തോട് നമുക്ക് പറയാൻ കഴിയുകയുള്ളൂ. പുതുതായി ബയ്അത്ത് ചെയ്യുന്ന പലരുടേയും കത്തുകൾ എനിക്ക് വരാറുണ്ട്. നമസ്കാരം മൂലം അവരിൽ അല്ലാഹു വലിയ മാറ്റം ഉണ്ടാക്കിയതായി കാണാൻ എനിക്ക് സാധിക്കുന്നു. അതുകൊണ്ട് പൂർവ്വികരായ അഹ്മദികളുടെ മക്കൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. അഹ്മദികൾ പൊതുവിലും ഇക്കാര്യത്തിൽ ശ്രദ്ധിക്കുക.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു. നമസ്കാരത്തിൽ ലഭിക്കുന്ന ആനന്ദവും ഉള്ളുരുക്കവും അല്ലാഹുവിന്റെ കൃപാകടാക്ഷത്താലാണ് ലഭിക്കുന്നത്. അതുകൊണ്ട് ആദ്യമായി നിങ്ങൾ അല്ലാഹുവിനോട് ഇപ്രകാരം ദുആ ചെയ്യുക, അല്ലാഹുവേ! സാമീപ്യത്തിന്റെ അവസ്ഥ എനിക്ക് നൽകിയാലും. അതിനുവേണ്ടി ഒരു ദുആ പഠിപ്പിച്ചിരുന്നു. ഇങ്ങനെ നിങ്ങൾ ദുആ ചെയ്യുക. 'അല്ലാഹുവേ! നീ എന്നെ കാണുന്നു. ഞാൻ എത്രമാത്രം അന്ധനും കാഴ്ചയില്ലാത്തവനുമാണ്. ഞാനിപ്പോൾ തികച്ചും നിർജീവാവസ്ഥയിലാണുള്ളത്. കുറച്ചു കഴിഞ്ഞാൽ വിളി വരുമ്പോൾ ഞാൻ നിന്നിലേക്ക് വരുമെന്ന് എനിക്കറിയാം. അതിൽ നിന്ന് എന്നെ ആർക്കും തടയാൻ പറ്റില്ല. എന്നാൽ, എന്റെ മനസ്സാണെങ്കിലോ അന്ധവും നിന്നെ തിരിച്ചറിഞ്ഞിട്ടില്ലാത്തതുമാണ്. അതിനാൽ നിന്നോടുള്ള സ്നേഹവും പ്രത്യേക താൽപര്യവും ഉണ്ടാകും വിധമുള്ള പ്രകാശത്തിന്റെ ജ്വാല നീ ഇറക്കേണമേ. കാഴ്ചയില്ലാത്തവനായി എഴുന്നേൽക്കുകയും അന്ധന്മാരിൽ ചെന്നു ചേരുകയും ചെയ്യാത്ത വിധം നീ എന്നിൽ അനുഗ്രഹം ചൊരിയേണമേ. ഇത്തരം പ്രാർത്ഥനകൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുമ്പോൾ നിർവൃതിരഹിതമായിരുന്ന ആ നമസ്കാരത്തിൽ ആകാശത്തുനിന്ന് ഒരു വസ്തു വീഴുകയും അത് ദീനരോദനങ്ങളുണ്ടാക്കുകയും ചെയ്യുന്ന ഒരു നേരം വരുന്നത് കാണുമാറാകും. അല്ലാഹു നമുക്കെല്ലാം അങ്ങിനെയുള്ള നമസ്കാരം അനുഷ്ഠിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ജുമുആക്ക് ശേഷം രണ്ട് ഗാഇബ് ജനാസ ഞാൻ നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് നമ്മുടെ ഇന്റോനേഷ്യയിലെ മുബല്ലിഗാണ്. അമർ മഅ്റൂഫ് അസീസ് സാഹിബ് എന്നാണ് അദ്ദേഹത്തിന്റെ പേര്. ജൂൺ 16ന് വഫാത്തായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ 1962 ഡിസംബർ 6നാണ് അദ്ദേഹം ജനിച്ചത്. ജന്മനാ അഹ്മദിയാണ്. 1979ൽ ജാമിഅയിൽ പ്രവേശിച്ചു. 1987ൽ മുബശ്ശിർ കോഴ്സ് പൂർത്തിയാക്കി റബ്വയിലെ ജാമിഅയിൽ നിന്നും വിരമിച്ചു. ഇന്റോനേഷ്യയിൽ പോയി. വിവിധ സ്ഥലങ്ങളിൽ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. ജാമിഅ അഹ്മദിയ്യ ഇന്റോനേഷ്യയിൽ സേവനം ചെയ്തു. 2011 വരെ ജാമിഅയിലായിരുന്നു. അതിനുശേഷം കൽമന്താനിൽ റീജനൽ മുബല്ലിഗും ആയിരുന്നു. നല്ല പണ്ഡിതനായിരുന്നു. മാശാ അല്ലാഹ്. ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ തൗസീയെ മറാം എന്ന പുസ്തകം ഇന്റോനേഷ്യൻ ഭാഷയിൽ തർജ്ജമ ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. എന്റെ ഖുത്ബകൾ കൃത്യമായി തർജ്ജമ ചെയ്തു വന്നിരുന്നു. മർഹൂം മൂസിയും ആയിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ സംതപ്ത കുടുംബാംഗങ്ങൾക്ക് ക്ഷമ പ്രദാനം ചെയ്യട്ടെ. ഇദ്ദേഹത്തിന് ഭാര്യയും ഒരാൺകുട്ടിയും രണ്ട് പെൺകുട്ടികളുമാണുള്ളത്.

രണ്ടാമത്തെ ജനാസ ലണ്ടനിൽ താമസിക്കുന്ന ജമാഅത്തിന് സേവനം ചെയ്തുകൊണ്ടിരുന്ന ഒരു മഹിളയുടേതാണ്. താഹിറ വണ്ടർമാൻ സാഹിബയുടേതാണ്. നവാബ് മഹ്മൂദ് വണ്ടർമാൻ സാഹിബിന്റെ ഭാര്യയായിരുന്നു. ഇവരും 2012 ജൂൺ18 ന് 84ാം വയസ്സിൽ വഫാത്തായി.إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

ഗുലാം യാസീൻ സാഹിബിന്റെ മകളായിരുന്നു. അവരുടെ ഉപ്പാപ്പ ഗുലാം ദസ്ത്ഗീർ സാഹിബ് ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ സഹോദരനും. ഇവരുടെ പിതാവ് ഇന്ത്യൻ ഗവർമെന്റിന്റെ സിവിൽ സർവെന്റായിരുന്നു. കുട്ടികൾക്ക് നല്ല ശിക്ഷണം നൽകി.

ഖാദിയാനിലാണ് പഠേത പഠിച്ചത്. 1947ൽ കറാച്ചിയിലേക്ക് താമസം മാറ്റി. 1949ൽ വിവാഹം നടന്നു. മഹ്മൂദ് വണ്ടർമാൻ സാഹിബുമായാണ് വിവാഹം നടന്നത്. അതിനു ശേഷം

ഇംഗ്ലണ്ടിലേക്ക് വന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ ലണ്ടൻ പലായനത്തിനുശേഷം പ്രൈവറ്റ് സെക്രട്ടറി യുടെ ഓഫീസിൽ സേവനം ചെയ്തുകൊണ്ടിരുന്നു. ഇംഗ്ലീഷ് കത്തുകൾ നോക്കുന്ന ടീമിൽ ഒരു ദീർഘകാലം സേവനമനു ഷ്ഠിച്ചിട്ടുണ്ട്. ജൽസാ സാലാനയിൽ ഇവരുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പ്രശംസിക്കുകയും ചെയ്തിരുന്നു.

വളരെ ആവേശത്തോടെ പ്രവർത്തിച്ചിരുന്നു. ജോലിയെ ഒരു ഭാരമായി കരുതിയിരുന്നില്ല. എത്ര ജോലി കൊടുത്താലും എല്ലാം ചെയ്തു കൊണ്ടുവരും. മരണത്തിനു അൽപം മുമ്പു വരെ തന്റെ ബന്ധുവിനെ ഓഫീസിലേക്ക് അയച്ച് ജോലി എന്തെങ്കിലുമുണ്ടെങ്കിൽ കൊടുത്തയക്കാൻ പറഞ്ഞു. അവർക്ക് രോഗവും ക്ഷീണവും എല്ലാം ഉണ്ടായിട്ടും. ജോലി കൂടുതൽ നൽകാനാണ് എപ്പോഴും പറയാറുള്ളത്. കഠിനാധ്വാനത്തോടെ പ്രവർത്തിച്ചിരുന്നു. ജോലി കുറച്ചുനൽകിയാൽ അസ്വസ്തത പ്രകടിപ്പിച്ചിരുന്നു.

എനിക്ക് വരുന്ന കത്തുകളും കുറേക്കാലം കൈകാര്യം ചെയ്തിരുന്നു. ഇവർ ഏകദേശം ഇരുപത് ഇരുപത്തി രണ്ട് വർഷമായി ജമാഅത്തിൽ പ്രവർത്തിച്ചു വരുന്നു. ഒൻപതു വർഷം ഞാൻ ഇവരുടെ പ്രവർത്തനം കണ്ടിട്ടുണ്ട്, ഇവർ കത്തുകളുടെ സംക്ഷിപ്തം വളരെ ഭംഗിയായി തയ്യാറാക്കുമായിരുന്നു. പ്രധാന കാര്യങ്ങൾ ഹൈലൈറ്റ് ചെയ്ത് കാണിച്ചിരുന്നു. ഇവരുടെ സംക്ഷിപ്തം വായിച്ചാൽ കാര്യം മനസ്സിലാക്കുന്നതിൽ ഒരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. കത്തെഴുതുന്ന വ്യക്തിയുടെ യഥാർത്ഥ ആശയം ലഭിക്കുമായിരുന്നു. ഇത് ഇവരുടെ പ്രത്യേക കഴിവായിരുന്നു. കത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രത്യേകമായി എടുത്ത് കാണിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരുന്നത്. ഇവർ തയ്യാറാക്കുന്നതാണ് എനിക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. അതിന് മറുപടി എഴുതാനും വളരെ എളുപ്പമായിരുന്നു. ഇതേ പോലെ ഇരുപതുവർഷം കുട്ടികളെ ഖുർആൻ പഠിപ്പിക്കാനുള്ള തൗഫീഖും അല്ലാഹു നൽകി. അഖ്ബാറെ അഹ്മദിയ്യാ എന്ന പത്രത്തിനു വേണ്ടി ഉറുദുവിൽ നിന്ന് ഇംഗ്ലീഷിലേക്ക് ലേഖനങ്ങൾ വിവർത്തനം ചെയ്തുകൊടുത്തിരുന്നു.

മൂന്ന് പെൺകുട്ടികളും രണ്ട് ആൺകുട്ടികളും പേരക്കുട്ടികളും ഇവർക്കുണ്ട്. അല്ലാഹു ഇവരെയും ഖിലാഫത്തുമായും ജമാഅത്തുമായും ബന്ധപ്പെടുത്തി നിർത്തട്ടെ. ഇവരുടെ മകൻ നദീർ വണ്ടർമാൻ സാഹിബ് അഖ്ബാർ അഹ്മദിയ്യായുടെ ഇംഗ്ലീഷ് സെക്ഷനിൽ എഡിറ്റർ പോസ്റ്റിൽ പ്രവർത്തിച്ചുവരുന്നു. അല്ലാഹു മർഹൂമയുടെ പദവികൾ ഉയർത്തട്ടെ.

ഞാൻ പറഞ്ഞതുപോലെ ഇവർ രണ്ടുപേരുടെയും ജനാസ നമസ്കാരം നമസ്കാരങ്ങൾക്കു ശേഷം അനുഷ്ഠിക്കുന്നതായിരിക്കും.

**PRINTED BOOKS**

To

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 June 22 at : **Baithul Rahman,Washington,USA**
Translation: M.Nasir Ahmed Kodiyathur 0497343704

Typing: M.P.Tahir Ahmad
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**